പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 681	30.06.2015- ൽ മറുപടി നല്കേണ്ടത്.

പകൽസമയ മാനസിക ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ

	ചോദ്യം		ഉത്തരം
	ശ്രീ. ടി. എൻ. പ്രതാപൻ " പി.സി.വിഷ്ണുനാഥ് " എ.റ്റി. ജോർജ് " ഹൈബി ഈഡൻ		ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)
എ)	മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽ സമയ മാനസികാരോഗ്യപരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;	എ)	രോഗവിമുക്തി നേടിയവരും എന്നാൽ വീടുകളിൽ പകൽസമയത്ത് പരിചരിക്കാൻ ആളുകൾ ഇല്ലാത്തവരുമായ മനോരോഗികളെ അവരുടെ വീട്ടിൽ ചെന്ന് പകൽ വീടുകളിൽ എത്തിച്ച് പകൽ സമയത്ത് പരിചരിക്കുന്നതിനുള്ള സംവിധാനമാണ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിക്കുന്ന പകൽ വീടുകൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതുവഴി മനോരോഗികളെ അവരുടെ സാമൂഹിക പുറുപാടുകളിൽ തന്നെ പുനരധിവസിപ്പിക്കാനാകുമെന്ന് കരുതുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഇത്തരം പകൽ വീടുകൾ ഊന്നൽ നൽകുന്നു. 1) മെച്ചപ്പെട്ട സാമൂഹിക ജീവിതം സാദ്ധ്യമാക്കുന്നതിലേക്കായി മനോരോഗികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക. 2) തങ്ങളുടെ രോഗാവസ്ഥയെ പറ്റിയുള്ള മെച്ചപ്പെട്ട അവബോധം നൽകി അവരെ തുടർ ചികിത്സയുമായി കൂടുതൽ സഹകരിപ്പിക്കുക. 3) രോഗികളുടെ വിനോദത്തിനും വിജ്ഞാനത്തിനുമാവശ്യമായ ഉപാധികൾ പ്രദാനം ചെയ്യുക.

			4) വ്യായാമം, ആരോഗ്യകരമായ ആഹാര ശീലങ്ങൾ എന്നിവയുടെ ആവശ്യകത സംബന്ധിച്ച അവബോധം നല്കിമെച്ചപ്പെട്ട ജീവിത ശൈലി സ്വായത്തമാക്കാൻ രോഗികളെ സഹായിക്കുക. 5) മനോരോഗികളുടെ കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗും മറ്റ് സഹായങ്ങളും നല്കുക. 6) സുരക്ഷിതമായ പരിതസ്ഥിതികളിൽ തൊഴിൽ സൗകര്യം ലഭ്യമാക്കുക.
ബി)	ഏതെല്ലാം ജില്ലകളിൽ പകൽ സമയമാനസികാരോഗ്യപരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ;	ബി) & സി)	ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും പകൽ വീടുകൾ ഇതിനകം തുടങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഓരോ പകൽ വീടുകൾ ആരംഭിക്കുന്നതിനുള്ള സെന്റർ കണ്ടെത്തുകയും സ്റ്റാഫുകളെ റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മാസം ഇതിന്റെ പ്രവർത്തനമാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. താഴെ പ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്. 1) വീടുകളിൽ നിന്നും പകൽവീടുകളിലേക്കും തിരിച്ചുമുള്ള യാത്രാസൗകര്യം . 2) തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ 3) വിനോദത്തിനും, വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ 4) ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ 5) സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷിത തൊഴിൽ ശാലകൾ 6) വ്യായാമത്തിനുള്ള സൗകര്യങ്ങൾ 7) രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ് 8) സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിടുന്ന പരിശീലനം, സഹായം എന്നിവ.
സി)	എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?		

സെക്ഷൻ ഓഫീസർ